"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ശ്രീ.അജേഷ് റ്റി.ജി, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-I, പാലക്കാട് മുനിസിപ്പാലിറ്റി -പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1478/2023/LSGD തീയതി,തിരുവനന്തപുരം, 20-07-2023

---

പരാമർശം:-

1. സ.ഉ(സാധാ)നം.388/2022/തസ്വഭവ തീയതി 21.02.2022
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.06.2023 ലെ LSGD/PD/10021/2023-DEA1 നമ്പർ കത്ത്
3. അക്കൗണ്ടന്റ് ജനറലിന്റെ 03.02.2023 ലെ GE7/C/MCA19/235 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീ.അജേഷ് റ്റി.ജി.യ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-I തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും ടിയാൻ 25.02.2022 പ്രാബല്യത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടിയാന്റെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് I തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശ്രീ അജേഷ് റ്റി.ജിയുടെ അപേക്ഷ, സ്വയം വിലയിരുത്തൽ ഫോം എന്നിവ സമർപ്പിച്ചിട്ടുണ്ട്.

2. ശ്രീ അജേഷ് റ്റി.ജി 25.02.2022 മുതൽ 24.08.2022 വരെയുള്ള കാലയളവിൽ അവധികളൊന്നും എടുത്തിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്. ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാനെതിരെ അച്ചടക്ക നടപടികളോ വിജിലൻസ് അന്വേഷണമോ/ കേസുകളോ നിലവിലില്ല.

3. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-1 തസ്തികയിലെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷത്തെ സേവന കാലയളവിൽ ആറ് മാസത്തെ ഡ്യൂട്ടിയാണ്. ശ്രീ അജേഷ് റ്റി.ജി. 25.02.2022 ൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-I തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതിനാൽ

ടിയാന്റെ പ്രൊബേഷൻ കാലയളവ് 25.02.2022 മുതൽ 24.08.2022 വരെയാണ്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ജനറൽ റൂളിലെ ചട്ടം 20 (ബി) പ്രകാരം ശ്രീ. അജേഷ് റ്റി.ജി, മുനിസിപ്പൽ സെക്രട്ടറിയുടെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-I തസ്തികയിലെ പ്രൊബേഷൻ കാലയളവ് 25.08.2022 തീയതി പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.അജേഷ് റ്റി.ജി, മുനിസിപ്പൽ സെക്രട്ടറി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 20-07-2023 13:06:56
സെക്ഷൻ ഓഫീസർ